# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 696 — 02/11/2011 ന് മറുപടിയ്ക്ക്

### ക്ഷേമ പെൻഷനുകൾക്കു വേണ്ടിയുള്ള വരുമാന സർട്ടിഫിക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മോയിൻകുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ക്ഷേമ പെൻഷനുകൾക്കായുള്ള വരുമാന സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിയുള്ള അപേക്ഷകൾ വില്ലേജ് ഓഫീസർമാർ നേരിട്ട് സ്വീകരിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഇപ്പോൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ വഴി വില്ലേജ് ഓഫീസർമാർക്ക് അപേക്ഷ നൽകേണ്ടി വരുന്നത് മൂലം കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ വില്ലേജ് ഓഫീസർമാർ നേരിട്ട് സ്വീകരിക്കാനും കാലതാമസം കൂടാതെ നൽകുവാനും നടപടി സ്വീകരിക്കുമോ? | (എ), (ബി)& (സി) കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സാമൂഹ്യക്ഷേമ പദ്ധതികളായ അഗതി-വിധവ വാർദ്ധക്യ കാല പെൻഷനുകൾ, പാവപ്പെട്ട വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ധനസഹായം എന്നിവ നൽകുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 18/09/1995-ലെ ജി.ഒ.(പി)89/95/ എൽ.എ.ഡി. നമ്പർ സർക്കാർ ഉത്തരവു പ്രകാരം കൈമാറ്റം ചെയ്തിട്ടുണ്ട്. റവന്യൂ ബോർഡ് മുഖാന്തിരം സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കിയിരുന്ന മേൽപരാമർശിച്ച പെൻഷൻ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സത്വരമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 7/04/1997-ലെ ജി.ഒ.(പി)11/97/ സാ.ക്ഷേ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് അപേക്ഷകരുടെ വരുമാനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനം എടുക്കാം എന്നുള്ളതിനാൽ വില്ലേജ് ഓഫീസർ മുഖാന്തിരം വരുമാനം തിട്ടപ്പെടുത്തേണ്ടതില്ല. ആയതിനാൽ ക്ഷേമപെൻഷനുകൾക്കായിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിനുള്ള അപേക്ഷ വില്ലേജ് ഓഫീസർമാർ നേരിട്ട് സ്വീകരിക്കേണ്ടതില്ല. |

സെക്ഷൻ ഓഫീസർ